(ബി) ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ് ;

(സി) അന്വേഷണ ഉദ്യോഗസ്ഥനെ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ;

(ഇ) ഏതെങ്കിലും സാഹചര്യത്തിൽ അന്വേഷണം ഉപേക്ഷിക്കാൻ ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം പ്രാരംഭ ദിശയിലാണ്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

ഇ.ടി.സി. ഹോസ്റ്റലിൽ ഫർണിച്ചർ വാങ്ങിയതുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്

73 (3027) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99 കാലയളവിൽ കണ്ണൂർ ജില്ലയിലെ ഇ.ടി.ബി. (എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ-തളിപ്പറമ്പ്)-ലെ ഹോസ്റ്റലിൽ ഫർണിച്ചർ വാങ്ങിയതുമായി ബന്ധപ്പെട്ട് അഴിമതി നടന്നു എന്ന് ആരോപണത്തെക്കുറിച്ച് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിരുന്നുവോ ;

(ബി) മേൽ ആരോപണവുമായി ബന്ധപ്പെട്ട ആരെയെങ്കിലും സസ്പെൻഡ് ചെയ്തിരുന്നോ ;

(സി) എങ്കിൽ ആരെയെല്ലാമാണ് ;

(ഡി) പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു.

(ബി&സി) മേൽ ആരോപണവുമായി ബന്ധപ്പെട്ട് തളിപ്പറമ്പ് ഇ.റ്റി.സി.യിലെ മുൻ പ്രിൻസിപ്പൽ ശ്രീ. എസ്. ഗോപാലകൃഷ്ണൻ പോറ്റിയെ സസ്പെന്റ് ചെയ്യുകയും പിന്നീട് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത കേസ് ഇപ്പോൾ കോഴിക്കോട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ വിചാരണയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly